VOL. X ISSUE 12 DEC. 2019 BELTHANGADY

ക്രിസ്തുമസ്
പുതുവത്സരാശംസകൾ



HAPPY CHRISTMAS & HAPPY NEW YEAR

ನಾಡಿನ ಸಮಸ್ತ ಜನರಿಗೂ ಕ್ರಿಸ್ತ ಜಯಂತಿಯ ಶುಭಾಶಯಗಳು

"What is the universal message of Christmas ? It is that God is a Good Father and we are all brothers and Sisters". (Pope Francis, Urbi et Orbi, 25th December 2018, Vatican )

# UDAYADEEPA BELTHANGADY

## ಉದಯದೀಪ ಬೆಳ್ತಂಗಡಿ

## ഉദയദീപ ബെൽത്തംഗഡി

Belthangady Diocesan Bulletin


Vol. X Issue. 12 December - 2019 Page - 48

Annual Subscription: Rs. 140-00 Single Copy: Rs. 12-00

Edited, Printed and Published, by Fr. Joseph Valiaparambil
Bishop's House, Udayanagar, P.B. No.13
Belthangady - 574 214, D.K., Karnataka, India.
Printed at Shree Raghavendra Printers, Ujire-574 240



Website: www.belthangadydiocese.com
Email : udayadeepabel@gmail.com
Tel.: 08256-232439, 233975

## PRIESTLY ORDINATION DAY GREETINGS TO BISHOP LAWRENCE MUKKUZHY



27.12.1978

## Sacerdotal Silver Jubilee Greetings to Rev. Fr. George Vallimala



31. 12. 1995
Vicar, Yellukochi

# CONTENTS


| | | |
|---|---|---|
| 1. | Pastoral Letter No. 07/ 2019 | 06 |
| 2. | CircularProt. No. 1644/ 2019 | 10 |
| 3. | Circular : Bible Sunday | 16 |
| 4. | Notifications from the Chancellery | 22 |
| 5. | Catechism Department News | 28 |
| 6. | Social Service Department | 34 |
| 7. | Family Apostolate | 38 |
| 8. | Christus Vivit | 43 |
| 9. | Bishop's Diary | 45 |
| 10. | Programme of the Bishop | 47 |




Pastoral Letter No. 7/ 2019

# പുതുവത്സരം

ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ
അനുഗ്രഹത്താലും ബെൽത്തംഗഡി രൂപതയുടെ
മെത്രാൻ

**ലോറൻസ് മുക്കുഴി**

നമ്മുടെ രൂപതയിലെ ബഹു. വൈദികർക്കും,
സന്യാസിനീ, സന്യാസികൾക്കും, ദൈവജനത്തിനും
നമ്മുടെ കർത്താവിൽ ആശീർവ്വാദവും സമാധാനവും,

"ഓരോ പ്രവൃത്തിയും ചെയ്യുമ്പോൾ ജീവിതാന്തത്തെപറ്റി ഓർക്കണം ; എന്നാൽ, നി പാപം ചെയ്യുകയില്ല" (പ്രാഭ 7 : 36)

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

രണ്ട് ദിവസം കഴിഞ്ഞാൽ നാം രണ്ടായിരത്തി ഇരുപത്തിന്റെ പുതുവത്സരത്തിലെക്ക് പ്രവേശിക്കുകയാണ്. രണ്ടായിരത്തി പത്തൊമ്പത് അവസാനിക്കുന്നു. 2019 ൽ ദൈവം നമ്മുക്ക നല്കിയ എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പറയാം; വന്ന് പോയ വിഴ്ച്ചകൾക്ക് മാപ്പ് ചോദിക്കാം; വരാൻ പോകുന്ന പുത്തനാണ്ട് രണ്ടായിരത്തി ഇരുപത്തിനെ സന്തോഷത്തോടെ സ്വാഗതം ചെയ്യാം; എല്ലാവർക്കും പുത്തനാണ്ടിന്റെ മംഗളങ്ങൾ ആശംസിക്കുന്നു!

നാം വലിയ പ്രതിക്ഷയോടും സന്തോഷത്തോടും കൂടിയാണ് രണ്ടായിരത്തി ഇരുപത്തിലെക്ക് പ്രവേശിക്കുന്നത്. കാലങ്ങൾ മാറി വരുന്നു; വർഷങ്ങൾ കൊഴിയുന്നു; പുതുവർഷം വിരിയുന്നു; ഈ സന്ദർഭത്തിൽ നാം ജീവിതത്തെ കുറിച്ച് ശാന്തമായി ചിന്തിക്കേണ്ടതുണ്ട്. ജീവിതം നമുക്ക് സന്തോഷം സമ്മാനിക്കുന്നു;



ജീവിതം നമുക്ക് സങ്കടങ്ങൾ നല്ക്കുന്നു ; ജീവിതം മാറ്റങ്ങൾക്ക് നിരന്തരമായി വിധേയപ്പെട്ടുകൊണ്ടിരിക്കുന്നു; ഈ ലോക ജീവിതം താത്ക്കാലികം മാത്രം. ഈ ജീവിതത്തെ ശരിക്കും മനസ്സിലാക്കി അത് ആയിരിക്കുന്ന വിധത്തിൽ സ്വീകരിക്കുന്നവർക്ക് മനസംതൃപ്ത്തിയോടെ മരിക്കാം.

നമ്മുടെ ജീവിതം ദൈവത്തിന്റെ സൗജന്യ ദാനമാണ്. മനുഷ്യനായി ഈ ഭൂമിയിൽ പിറക്കുക ശ്രേഷ്ഠമാണ്. നമുക്കുള്ളതെല്ലാം ദൈവം സൗജന്യമായി തന്നതാണ്. നമ്മൾ ജനിച്ച ഈ ലോകം, നമ്മുടെ രാഷ്ട്രം, നമ്മുടെ സംസ്ഥാനം, ജില്ലാ, താലൂക്ക്, ഗ്രമം, ഇടവക ഇവയെല്ലാം നാം തിരഞ്ഞെടുത്തതല്ല, മറിച്ച് ദൈവം അനാദിയിലെ നിശ്ച്ചയിച്ച് ഉറപ്പിച്ചതാണ്. നമ്മുടെ ജീവൻ, ശരീരം, അത്മാവ്, ബുദ്ധി, നിറം, സൗന്ദര്യം, സ്വരം എന്നിവയെല്ലാം ദൈവം നമുക്ക് തന്നതാണ്. നമ്മുടെ മാതാപിതാക്കളും, സഹോദരങ്ങളും, ബന്ധുക്കളുമെല്ലാം ദൈവത്തിന്റെ സമ്മാനമാണ്. ഇവയെല്ലാം ഓർത്തോർത്ത് ദൈവത്തിന് നന്ദി പറയുകയും ദൈവത്തെ സ്തുതിക്കുകയും വേണം. ഇവയെല്ലാം തന്നതിന് ശേഷം അവിടുന്ന് നമ്മോട് അരുളി ചെയ്തു "നിന്റെ ദൈവമായ കർത്താവിനെ സ്നേഹിച്ച്, അവിടുത്തെ വാക്കുകേട്ട്, അവിടുത്തോട് ചേർന്നു നിൽക്കുക ; നിനക്കു ജീവനും ദീർഘായുസ്സും ലഭിക്കും" (നിയമാ 30 : 20). നാം ഇവിടെ സമാധാനമായി ജീവിക്കണമെങ്കിൽ ദൈവത്തിന്റെ കല്പന പാലിക്കണം.

നമ്മുടെ ഈ ലോക ജീവിതം നശ്വരമാണ്. അത് നിരന്തരം മാറ്റത്തിന് വിധേയപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ ജീവിതാവസ്ഥ ഈ ഭൂമിയിൽ തന്നെ മാറുന്നു. ആരോഗ്യവും അനാരോഗ്യവും സന്തോഷവും ദുഃഖവും നേട്ടവും കോട്ടവും സമ്പത്തും ദാരിദ്ര്യവും നമ്മുടെ ജീവിതത്തിൽ വന്നുകൊണ്ടിരിക്കുന്നു. നമ്മുടെ ആയുസ്സ് ഹ്രസ്വമാണ്. "മനഷ്യന്റെ ജീവിതം പുല്ലുപോലെയാണ്; വയലിലെ പൂ പോലെ അതു വിരിയുന്നു ; എന്നാൽ കാറ്റടിക്കുമ്പോൾ അതു കൊഴിഞ്ഞുപോകുന്നു ; അതു നിന്നിരുന്ന ഇടം പോലും അതിനെ ഓർക്കുന്നില്ല (സങ്കി 103 : 15 - 16) എന്നാണ് തിരുവചനം നമ്മെ പഠിപ്പിക്കുന്നത് ; നമ്മുടെ അനുഭവവും അതു തന്നെയാണ്. ഇന്നലെയുള്ളവർ ഇന്നിവിടില്ല നമ്മുടെ തന്നെ പ്രിയപ്പെട്ടവരും പരിചയത്തിലുള്ള അനേകർ

ഇന്നിവിടില്ല. പ്രതാപികളും പ്രസിദ്ധരും മൺ മറഞ്ഞുപോയി. ജീവിതം ക്ഷണഭംഗുരമാണ്.

രണ്ടായിരത്തി ഇരുപത്തിന്റെ തിരുമുറ്റത്ത് നാം പ്രവേശിക്കുമ്പോൾ നമ്മുടെ ജീവിതത്തെ ദൈവികമായ കാഴ്ച്ചപാടിലൂടെ കാണുകയും ജീവിതത്തെ നേരായവണ്ണം നയിക്കാൻ പ്രതിജ്ഞ എടുക്കുകയും വേണം. തിരുവചനം പറയുന്നു ''നാളെയെചൊല്ലി അഹങ്കരിക്കേണ്ട, ഒരു ദിവസം കൊണ്ട് എന്തു സംഭവിക്കാമെന്നു നി അറിയുന്നില്ല'' (സുഭ 27 : 1) നമ്മുക്ക് പണവും ആരോഗ്യവും ഉള്ളപ്പോൾ അഹങ്കാരം ഉണ്ടാകം. നില മറന്ന് ചിന്തിക്കുകയും പറയുകയും പ്രവർത്തിക്കുകയും ചെയ്യാൻ സാദ്ധ്യതയുണ്ട്. അപ്പോഴോക്കെ ഈ തിരുവചനം നാം ഓർക്കേണ്ടതുണ്ട്. അഹങ്കരവും ധാർഷ്ഠ്യവും നമ്മുടെ ജീവിതം നശിപ്പിക്കും. സ്നേഹവും ഏളിമയും കരുണയും വിനയവും നമ്മെ ദൈവ - മനുഷ്യ സമ്മതരാക്കുന്നു.

നമ്മുടെ സമ്പത്തും പ്രൗഡിയും മരണംവരെ മാത്രം അതിനു ശേഷം അവയൊന്നും നമ്മോടൊപ്പം വരുകയില്ല, ദൈവം നമ്മോടു പറയുന്നു, ''സത്കീർത്തിയിൽ ശ്രദ്ധാലുവായിരിക്കക; ആയിരം സ്വർണ്ണ നിക്ഷേപങ്ങളെക്കാൾ അത് അക്ഷയമാണ്. നല്ല ജീവിതത്തിന്റെ ദിനങ്ങൾ പരിമിതമത്രേ; എന്നാൽ, സത്കീർത്തി ശാശ്വതവും'' (പ്രഭാ 41 : 12 - 13). നമ്മുടെ കർത്താവായ ഈശോ പറഞ്ഞ വചനം - ''മനുഷ്യ ജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാക്കുന്നത് '' (ലൂക്കാ 12 : 15) എന്ന് നാം എന്നും ഓർക്കണം അതുകൊണ്ട് നമ്മുടെ ജീവിതത്തെ ധന്യമാക്കുന്ന സുകൃതങ്ങൾ നാം ചെയ്യണം. കുഴിമാടത്തിന് അപ്പുറത്തെക്ക് നമ്മോടൊപ്പം നമ്മുടെ സൽകൃത്യങ്ങൾ മാത്രമേ വരുകയുള്ളു എന്ന് ഓർക്കണം. ദൈവം സമ്മാനമായി നമ്മുടെ കൈകളിലെക്ക് നല്ക്കുന്ന അനുഗ്രഹങ്ങൾകൊണ്ട് മറ്റുള്ളവർക്ക് ഉപകാരം ചെയ്യാം.

രണ്ടായിരത്തി ഇരുപത് വർഷം നമുക്ക് നന്നായി ആരംഭിക്കാം. നമ്മുടെ വ്യക്തി ജീവിതം ദൈവവരപ്രസാദം കൊണ്ടും സുകൃതകൊണ്ടും കൂടുതൽ ശോഭമാനമാക്കണം. നമ്മുടെ കുടുംബ ജീവിതം കൂടുതൽ സ്നേഹ സാന്ദ്രവും തെളിവാർന്നതും ആകാം. മറ്റുള്ളവരുമായി നമ്മുടെ ബന്ധം കൂടുതൽ സ്നേഹമുള്ളതാക്കാം. ഇടവക



ജീവിതവും, സഭാ ജീവിതവും കൂടുതൽ തിക്ഷ്ണതയുള്ളതാക്കാം. എപ്പോഴും ദൈവ നാമം ജപിച്ചും ദൈവേഷ്ഠം നിറവേറ്റിയും അവിടുത്തെ മുമ്പിൽ ഏളിമയോടെ വ്യാപരിക്കാം. രണ്ടായിരത്തി ഇരുപത് നിങ്ങളെല്ലാവർക്കും അനുഗ്രഹപ്രദമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

''കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. ........ ഓരോ പ്രഭാതത്തിലും അതു പുതിയതാണ്'' (വിലാ 3 : 22) എന്ന് അരുളിചെയ്ത നമ്മുടെ കർത്താവ് രണ്ടായിരത്തി ഇരുപ്പതിന്റെ പ്രഭാതത്തിൽ തന്നെ പുതിയ സ്നേഹംകൊണ്ട് നിങ്ങളെ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് + പിതാവിന്റേയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി + മാർ ലോറൻസ് മുക്കുഴി
25 - 11 - 2019 ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**N.B.:** ഈ ഇടയ ലേഖനം 29 - 12 - 2019 ന് ഞായറാഴ്ച എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.

## സർക്കുലർ

**ഒക്ടോബർ 03 മുതൽ 14 വരെ റോമിൽ നടന്ന സീറോ മല ബാർ സഭയിലെ മെത്രാന്മാരുടെ ആദ് ലിമിന സന്ദർശനത്തിനു ശേഷം എല്ലാ സീറോമലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ചു ബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി പുറപ്പെടുവി ക്കുന്ന സർക്കുലർ.**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

2019 ഒക്ടോബർ 03 മുതൽ 14 വരെ തീയതികളിൽ സീറോ മലബാർ സഭയിലെ പിതാക്കന്മാരുടെ ആദ് ലിമിന അപ്പോസ്തലോരും സന്ദർശനം റോമിൽ നടന്നു. ആദ് ലിമിന അപ്പോസ്തലോരും എന്ന ലത്തീൻ പ്രയോഗത്തെ അർത്ഥ മാക്കുന്നത് അപ്പസ്തോന്മാരുടെ പിൻഗാമികളായ മെത്രാന്മാർ റോമിൽ രക്ത സാക്ഷിത്വം വരിച്ച പത്രോസ് പൗലോസ് ശ്ലീഹാന്മാരുടെ അടുത്തേക്കു ചെല്ലുന്നു എന്നാണ്.

ഒക്ടോബർ 3-ാം തീയതി രാവിലെ 8 മണിക്ക് വി. പത്രോസിന്റെ കബ റിടത്തിങ്കൽ എല്ലാ പിതാക്കാന്മാരും കൂടി അർപ്പിച്ച വിശുദ്ധ കുർബാനയോ ടുകൂടിയാണ് സന്ദർശനം ആരംഭിച്ചത്. ആദ് ലിമിന സന്ദർശന പരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ടത് പരി. പിതാവ് ഫ്രാൻസിസ് പാപ്പായുമായുള്ള കൂടി ക്കാഴ്ചയായിരുന്നു. ഒക്ടോബർ 3-ാം തിയതി രാവിലെ 10.30 മുതൽ 12.30 വരെ നടന്ന പാപ്പായുമൊത്തുള്ള സംഭാഷണം വളരെ ഹൃദ്യവും സഫലവുമാ യിരുന്നു. വത്തിക്കാൻ കൊട്ടരാത്തിലെ കൺസിസ്റ്ററി ഹാളിലാണ് പാപ്പ ഞങ്ങളെ സ്വികരിച്ചത്. ഹാളിൽ രണ്ടുവശത്തായി അല്പം അകലെയാണെന്നു കണ്ട് തർജ്ജമ ചെയ്യാൻ വന്നിരുന്ന അച്ചനോടു കസേര കുറച്ചുകൂടി അടുപ്പ ട്ടിടാൻ പറഞ്ഞു. മാർപാപ്പയും കസേര അടുപ്പിച്ചിടാൻ സഹായിച്ചു. പരിശുദ്ധ പിതാവും തർജ്ജമക്കാരനും ഞങ്ങൾ 48 പിതാക്കന്മാരും അല്ലാതെ മറ്റാരും ആ ഹാളിൽ ഉണ്ടായിരുന്നില്ല.

ആദ്യമേ തന്നെ പരി. പിതാവ് സഭയ്ക്ക് പൊതുവെയും നമ്മുടെ സഭയ്ക്ക് പ്രത്യേകമായും ചെയ്യുന്ന നന്മകൾക്കു നന്ദി പറഞ്ഞുകൊണ്ട് ഞാൻ സംസരി ച്ചു. പിന്നീട് ഗൾഫ് നാടുകളിലെ നമ്മുടെ ജനങ്ങൾക്ക് സഭയുടെ പാരമ്പര്യമനു



സരിച്ചുള്ള അജപാലനം നാം നിയോഗിക്കുന്ന വൈദികർ വഴി ലഭിക്കുന്നതി നുള്ള സൗകര്യം ഏർപ്പെടുത്തിത്തരണമെന്ന് പരി. പിതാവിനോട് അഭ്യർത്ഥി ച്ചു. തുടർന്ന് മാർപാപ്പായുടെ ആവശ്യപ്രകാരം അഭിവന്ദ്യ മൂലക്കാട്ട് പിതാ വിനെ മോഡറേറ്ററായി നിശ്ചയിച്ചു. സംസാരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ച പിതാ ക്കന്മാരെ മൂലക്കാട്ട് പിതാവ് ആശയാവതരണത്തിനു ക്ഷണിച്ചു. ഓരോരുത്തരെ കേട്ടശേഷം പാപ്പാ മറുപടി പറഞ്ഞുകൊണ്ടിരുന്നു.

പരി. പിതാവുമായുള്ള സംഭാഷണത്തിൽ നിന്നും രൂപപ്പെട്ട പ്രധാന ആശയങ്ങളും കർമ്മപദ്ധതികളും താഴെപ്പറയുന്നവയാണ്.

1. വൈദികർക്ക് തങ്ങളുടെ വിളിയെയും ദൗത്യത്തെയുംകുറിച്ച് ആഴമായ ബോധ്യങ്ങളുണ്ടാകൻ വേണ്ടതു ചെയ്യുക. വൈദികർക്കുള്ള പാപ്പായുടെ സന്ദേശത്തെക്കുറിച്ച് ചോദിച്ചപ്പോൾ2019 ആഗസ്റ്റ് 4നു താൻ വൈദികർക്ക് എഴുതിയ കത്ത് പരി. പിതാവ് ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി. നാലു പ്രധാന ചിന്തകൾ പാപ്പാ പങ്കവച്ചു. വൈദികർ ദൈവത്തോടു നിര ന്തര ബന്ധത്തിലായിരിക്കണം. വൈദികർ തങ്ങളുടെ മെത്രാന്മാരോടും നല്ല ബന്ധത്തിലായിരിക്കണം. അതിനായി മെത്രാന്മാർ വൈദികരെ തികഞ്ഞ കരുതലോടെ കാണുകയും സ്നേഹിക്കുകയും വേണം,വൈദി കർ തമ്മിലും ഊഷ്മളമായ സ്നേഹ ബന്ധങ്ങൾ ഉണ്ടായിരിക്കണം, വൈദി കർക്ക് അല്മായരോടും നല്ല ബന്ധങ്ങൾ സ്ഥാപിക്കാൻ കഴിയണം. ആഴ മാർന്ന സമർപ്പണമനോഭാവത്തോടെ അവർ ശുശ്രൂഷ ചെയ്യണം.
2. ഗൾഫ് നാടുകളിലെ സീറോ മലബാർ വിശ്വാസികൾക്കു സഭാ പാരമ്പര്യ ങ്ങൾക്കനുസൃതമായി അജപാലന ശുശ്രൂഷകൾ ലഭിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനു താൻ കളമൊരുക്കികൊണ്ടിരിക്കുകയാണ് എന്ന് മാർപാപ്പാ പറഞ്ഞു.
3. പൗരസ്ത്യ കത്തോലിക്കാ സഭകൾക്കുവേണ്ടി ഒരു പ്രത്യേക സിനഡ് നട ത്തണമെന്നുള്ള ഞങ്ങളുടെ ആവശ്യത്തിന് പാപ്പാ അനുകൂലമായി മറു പടി നല്കി.
4. റോമിൽ പത്തുസ്ഥലങ്ങളിൽ സീറോ മലബാർ സമൂഹങ്ങൾക്കു വി. കുർബാനയും മറ്റു തിരുക്കർമ്മങ്ങളും നടക്കുന്നണ്ട്. അവയെല്ലാം ക്രോഡീ

കരിക്കുന്നതിന് ഒരു ദൈവാലയവും വൈദിക മന്ദിരവും റോമൻ വികാരിയേറ്റിൽ നിന്ന് അനുവദിച്ചു കിട്ടിയാൽ നന്നായിരുന്നു എന്ന ആവശ്യത്തിന് ഈ വിഷയം പിന്നീട് തന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് പാപ്പാ അപ്പസ്തോലിക് വിസിറ്റേറ്ററായ സ്റ്റീഫൻ ചിറപ്പണത്ത് പിതാവിനോട് പറഞ്ഞു.

5. സീറോ മലബാർ സഭയ്ക്ക് ഇന്ത്യമുഴുവനിലും ലഭിച്ചിരിക്കുന്ന അജപാലന സ്വാതന്ത്ര്യത്തെ പരാമർശിച്ച് ശരിയായ പ്രേഷിതപ്രവർത്തനം ത്വരിതപ്പെടുത്തണമെന്ന് പാപ്പാ പറഞ്ഞു. പ്രേഷിതപ്രവർത്തനം എന്താണെന്ന് മാർപാപ്പാ വ്യക്തമാക്കി. എങ്ങനെയെങ്കിലും ക്രൈസ്തവരുടെ എണ്ണം വർദ്ധിപ്പിക്കുകയല്ല നല്ല ക്രൈസ്തവ ജീവിത മാതൃകവഴി ജനങ്ങളെ ക്രിസ്തുവിലേക്ക് ആകർഷിക്കുകയാണു വേണ്ടത്. സഹനവും രക്തസാക്ഷിത്വവും മിഷൻ പ്രവർത്തനത്തിന്റെ അവിഭാജ്യഭാഗങ്ങളാണെന്ന് പരി. പിതാവ് കൂട്ടിച്ചേർത്തു.

6. അവസാനമായി ഞങ്ങളുടെ ആദ് ലിമിനയുടെ നാളുകളിൽതന്നെ റോമിൽ നടക്കുന്ന ആമസോൺ സിനഡിനെക്കുറിച്ച് പാപ്പായോടു ഞങ്ങൾ ചോദിച്ചു. സിനഡിന്റെ ലക്ഷ്യങ്ങൽ സംബന്ധിച്ച് മാധ്യമങ്ങളിൽ തെറ്റായ വാർത്തകൾ വരുന്നുണ്ടെന്ന് മാർപാപ്പാ പറഞ്ഞു. സിനഡിന്റെ വിജയത്തിനു വേണ്ടി പ്രാർത്ഥിക്കണമെന്ന് മാർപാപ്പാ ഞങ്ങളോട് ആവശ്യപ്പെട്ടു. വളരെ ഹൃദ്യമായ അനുഭവമാണ് മാർപാപ്പായുമായുള്ള കൂടിക്കാഴ്ച്ചയിൽ ഞങ്ങൾക്കല്ലാവർക്കുമുണ്ടായത്.

Legion of Christ സന്യാസസമൂഹത്തിന്റെ നേതൃത്വത്തിലുള്ള റോമിലുള്ള മാത്തർ എക്ലേസിയെ ഇന്റർനാഷണൽ സെമിനാരിയിലായിരുന്നു എല്ല മെത്രാന്മാരും താമസിച്ചത്. ഏഷ്യയിൽ നിന്നും ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ നിന്നും വൈദികപരിശീലനം നേടുന്ന വിദ്യാർഥികളാണ് ഈ സെമിനാരിയിൽ ഉള്ളത്. കേരളത്തിൽ നിന്നും തന്നെ 25 വൈദിക വിദ്യാർഥികൾ ഇവിടെ താമസിച്ചു പഠിക്കുന്നുണ്ട്.

ആദ് ലിമിന സന്ദർശനം ഞങ്ങൾ മെത്രാന്മാർക്ക് എല്ലാവർക്കും വലിയ ദൈവാനുഗ്രഹത്തിന്റെ അനുഭവമായിരുന്നു. ആഗസ്റ്റ് സിനഡിൽ ഉണ്ടായ



വർദ്ധിച്ച കൂട്ടായ്മയും ഐക്യവും വളർത്താൻ ആദ്‌ലിമിനയിലെ പരിപാടികൾ വളരെ സഹായകമായി. പരി. പിതാവുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം നടന്ന പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാര്യാലയത്തിലെ സന്ദർശനം എറെ ഫലദായകമായിരുന്നു. അടുത്തകാലത്ത് നമ്മുടെ സഭയ്ക്ക് വേണ്ടി ഈ കാര്യാലയത്തിന്റെ പ്രീഫെക്ട് കർദ്ദിനാൾ ലെയനാർദോ സാന്ദ്രി എടുത്ത തീരുമാനങ്ങൾക്ക് ഞങ്ങൾ നന്ദി രേഖപ്പെടുത്തി. ആഗസ്റ്റ്ലെ സിനഡിന്റെ വിജയത്തിൽ അദ്ദേഹം സംതൃപ്തി പ്രകടിപ്പിച്ചു. വർദ്ധിതമായ ഐക്യത്തിലും സമാധാത്തിലും സഭ മുന്നേറണമെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തുകയും ചെയ്തു. റോമിലെ മറ്റു കാര്യാലയങ്ങളും പിതാക്കന്മാർ സന്ദർശിച്ച് ആശയവിനിമയം നടത്തുകയുണ്ടായി. ഒക്ടോബർ 11ന് കാര്യാലയ സന്ദർശനങ്ങൾ സമാപിച്ചു. റോമിലെ വിവിധ കോൺഗ്രിഗേഷനുകളുടെയും പൊന്തിഫിക്കൽ കൗൺസിലുകളുടെയും ഓഫീസുകൾ സന്ദർശിക്കാൻ പോയ വേളയിൽ ഞങ്ങൾക്ക് യാത്ര സൗകര്യം ഒരുക്കിതന്നത് The Work of the church എന്ന സമൂഹത്തിലെ വൈദികരാണ്. റോമിലെത്തുന്ന മെത്രാന്മാർക്ക് അവർ ഏതു രാജ്യക്കാരായാലും സന്മനസ്സോടെ ചെയ്തുവരുന്ന ശുശ്രൂഷകളെ എത്ര പ്രശംസിച്ചാലും മതിയാവുകയില്ല.

റോമിൽ നാലു മേജർ ബസിലിക്കകൾ ഉണ്ട്. വി. പത്രോസിന്റേത്, സെന്റ് ജോൺ ലാറ്ററൻ, മേരി മേജർ, വി. പൗലോസിന്റേത്. ഇവയിൽ മൂന്നിൽ ഞങ്ങൾ മെത്രാന്മാർ എല്ലാവരും ചേർന്ന് സഭയുടെ നിയോഗങ്ങൾക്കായി വി. കുർബാന അർപ്പിച്ചു. മേരി മേജർ ബസിലിക്കയിൽ മറിയം ത്രേസ്യാമ്മയുടെ നാമകരണത്തിനു തലേ ദിവസം ആഘോഷമായ ജാഗരണ പ്രാർത്ഥന നടത്തി. വിശുദ്ധരുടെ നാമകരണ നടപടികൾ നടത്തുന്ന കാര്യാലയത്തിന്റെ പ്രീഫെക്ട് കാർഡിനൽ ജ്യോവാന്നി ബെച്യു ആയിരുന്നു കാർമ്മികൻ.

ആദ് ലിമിന സന്ദർശനത്തിനു ശേഷം മെത്രാന്മാർ എല്ലാവരും ഒക്ടോബർ 13-ാം തീയതി വി. പത്രോസിന്റെ ചത്വരത്തിൽ നടന്ന നാമകരണ നടപടിയിൽ സംബന്ധിച്ചു. അന്ന് ഫ്രാൻസിസ് പാപ്പാ മറ്റു നാലു പേരോടൊപ്പം നമ്മുടെ മറിയം ത്രേസ്യാമ്മയെയും വിശുദ്ധ പദവിയിലേക്കുയർത്തി. വി. കുർബാനയോടുകൂടി നടന്ന പ്രസ്തുത ചടങ്ങിൽ കേന്ദ്രസർക്കാറിന്റെ പ്രതിനിധികളായി മന്ത്രി ശ്രീ. മുരുളീധരനും മണിപ്പൂർ മന്ത്രി സഭയിലെ ശ്രീ ശ്യാം കുമാറും ഇന്ത്യ

യുടെ വത്തിക്കാൻ സ്ഥാനപതി ശ്രീ സിബി ജോർജും സംബന്ധിച്ചിരുന്നു. മറിയം ത്രേസ്യാമ്മയോടൊപ്പം കാർഡിനൽ ജോൺ ഹെന്റി നൂമാനും വിശുദ്ധനായി നാമകരണം ചെയ്യപ്പെട്ടു എന്നത് പ്രത്യേകം പസ്താവ്യമാണ്. നാമകരണത്തിനു പിറ്റേന്ന് വി. അനസ്താസിയായുടെ ബസിലിക്കായിൽ ഞങ്ങൾ മെത്രാന്മാർ എല്ലാവരും ചേർന്ന് കൃതജ്ഞതാ ബലിയർപ്പിച്ചു.

സീറോ മലബാർ വിശ്വാസി സമൂഹത്തിനുവേണ്ടി റോമിൽ സ്ഥാപിതമായ ഇടവകയുടെ രജത ജൂബിലിയാഘോഷങ്ങളുടെ സമാപന സമ്മേളനം ഒക്ടോബർ 6-ാം തിയതി ഞായറാഴ്ച ദിവീനോ അമോറെ എന്ന മാതാവിന്റെ തീർഥാടന കേന്ദ്രത്തിൽ വച്ചു നടന്നു. അന്നേ ദിവസം നടത്തപ്പെട്ട വി.കുർബാനയിലും പൊതുസമ്മേളനത്തിലും എല്ലാ മെത്രാന്മാരും സംബന്ധിച്ചു. ആദ് ലിമിന സന്ദർശന ദിവസങ്ങളിൽ നടന്ന മറ്റൊരു പ്രധാനപ്പെട്ട സംഭവമാണ് നമ്മുടെ സഭയുടെ പ്രൊക്യൂറിയുടെ ആശീർവാദം Domus Mar Thoma (മാർ തോമ ഭവൻ) എന്നാണ് പ്രൊക്യൂറിയുടെ പേര്. ഇവിടെയും മെത്രാന്മാർ എല്ലാവരും ചേർന്നുള്ള വി. കുർബാന ഉണ്ടായിരുന്നു. കുർബാനയ്ക്കുശേഷം കർദ്ദിനാൾ സാന്ദ്രി ദോമൂസ് മാർ തോമ്മ ഉദ്ഘാടനം ചെയ്തു. അദ്ദേഹവും ഞാനും ചേർന്ന് ആശീർവാദ കർമ്മം നിർവഹിച്ചു. ഉച്ച ഭക്ഷണത്തോടെ സമാപിച്ച ചടങ്ങിൽ വത്തിക്കാനിലേയും റോമിലെയും പല വിശിഷ്ട വ്യക്തികളും വൈദികരും സമർപ്പിത ശ്രേഷ്ഠരും അല്മായ പ്രതിനിധികളും സംബന്ധിച്ചു. നമ്മുടെ സഭയുടെ റോമിലെ ഔദ്യോഗിക പ്രവർത്തനങ്ങൾക്ക് ഈ ഭവനം പലവിധത്തിലും ഉപകരിക്കും. ഇതിന്റെ നിർമ്മാണവും സംവിധാനവും അനേകരുടെ നിരന്തരവും കഠിനവുമായ പരിശ്രമത്തിന്റെ ഫലമാണ്. യുറോപ്പിലെ അപ്പസ്തോലിക് വിസിറ്റേറ്ററും നമ്മുടെ സഭയുടെ റോമിലെ പ്രോക്യുറേറ്ററുമായ അഭിവന്ദ്യ സ്റ്റീഫൻ ചിറപ്പണത്തു പിതാവിന്റെ നേതൃത്വം പ്രത്യേകം പ്രശംസ അർഹിക്കുന്നു. ഇപ്രകാരം ഒരു പൊതുഭവനം റോമിൽ ലഭിച്ചതിൽ നമുക്കു നന്ദിപറയാം. സഭ മക്കൾ ഏവരും നല്കിയ സംഭാവനകളാണ് ഈ സ്വപ്നം സാക്ഷാത്ക്കരിക്കൽ നമുക്കു സഹായകമാണ്. എല്ലാവർക്കും നന്ദി പറയുന്നു.

അദ് ലിമിന സന്ദർശനം പിതാക്കന്മാർക്ക് മാനസികവു ആത്മീയവും ഒരു വിരുന്നനുഭവമായിരുന്നു. സാർവത്രിക സഭയുടെ പ്രവർത്തനങ്ങൾ മനനം ചെയ്ത് വീക്ഷണങ്ങൾ വിശാലമാക്കാൻ പിതാക്കന്മാർക്കു സാധിച്ചു. അസ്സീസിയിലക്കുള്ള ഒരു ദിവസത്തെ തീർത്ഥാടനം നവമായ ആത്മീയോൽകർഷത്തിന് ഏറെ ഉപകരിച്ചു. വി. ഫ്രാൻസിസിന്റെ ഭൗതകാവശിഷ്ടങ്ങൾ സൂക്ഷിച്ചിരിക്കുന്ന ദൈവാലയത്തിൽ ഞങ്ങൾ ഒരുമിച്ചു. വി. കുർബാന അർപ്പിച്ചു. ഫ്രാൻസിസ്കൻ കൊൺവെൻഞ്ച്വൽ ആശ്രമത്തിലെ വൈദിക സഹോദരൻമാർ ഞങ്ങൾക്ക് ചെയ്തുതന്ന സഹായങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. ആദ് ലിമിന സന്ദർശനവും അനുബന്ധ പരിപാടികളും ഒക്ടോബർ 14 നു സമാപിച്ചു. റോമിലെ പ്രധാന പരിപാടികളുടെ വാർത്തകൾ ദൃശ്യ ശ്രാവ്യ മാധ്യമങ്ങിലൂടെയും പത്രങ്ങളിലൂടെയും നിങ്ങൾ അറിഞ്ഞിരുന്നുവല്ലോ. കൂടുതൽ വിശ്വാസതീക്ഷ്ണതയോടും സഭയോടുള്ള പ്രതിബദ്ധതയോടും കൂടി നമ്മുടെ ശുശ്രൂഷകൾ തുടരുവാൻ കാരുണ്യവാനായ കർത്താവ് നമ്മെല്ലാവരെയും അനുഗ്രഹിക്കട്ടെ പരി. അമ്മയുടെയും പുതുതായി നാമകരണം ചെയ്യപ്പെട്ട വിശുദ്ധ മറിയം ത്യേസ്യാമ്മയുടെയും മാദ്ധ്യസ്ഥ്യസഹായം നിങ്ങൾക്കും നിങ്ങളുടെ കുടുംബങ്ങൾക്കും ലഭിക്കുമാറാകട്ടെ.

കാക്കനാട്, ഈശോയിൽ സ്നേഹപൂർവ്വം

01.11. 2019. + കർദ്ദിനാൾ ജോർജ് ആലഞ്ചേരി

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

---

**N.B.:** ഈ സർക്കുലർ ഉചിതമായ മാർഗങ്ങളിലൂടെ അതതു രൂപതാ അതിരൂപതകളിലെ വൈദികരുടെയും, സന്യസ്തരുടെയും അല്മായ സഹോദരങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. സർക്കുലർ മുഴുവനായും ദൈവാലയത്തിൽ വായിക്കാവുന്നതുമാണ്.

## 2019 ഡിസംബർ 29 ബൈബിൾ ഞായർ

കർത്താവിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

പിതാവായ ദൈവം മനുഷ്യരക്ഷയ്ക്കായി ലോകത്തിലേക്കയച്ച സ്വപുത്രൻ മനുഷ്യ രൂപമെടുത്ത് നമ്മുടെയിടയിൽ കൂടാരമടിച്ചതിന്റെ ഓർമ്മയാണ് ആരാധനാവത്സരത്തിലെ ആഗമന കാലത്തിലും തിരുപ്പിറവി കാലത്തിലും നിറഞ്ഞു നില്ക്കുന്നത്. യേശുക്രിസ്തുവിനെ കൂടുതലായി അറിയാനും സ്നേഹിക്കാനും നമ്മുടെ ജീവിതത്തിലേക്ക് സ്വീകരിക്കാനുമാണ് ഈ ദിനങ്ങളിൽ നാം പ്രത്യേകമായി ശ്രദ്ധിക്കുന്നത്. യേശുവിനെ അറിയാൻ വിശുദ്ധഗ്രന്ഥത്തിലേക്കാണല്ലോ നാം പ്രഥമമായി തിരിയേണ്ടത്. ബൈബിളിന് വ്യക്തി ജീവിതത്തിലും സഭാ ജീവിതത്തിലുമുള്ള പ്രാധാന്യം സഭമക്കൾ തിരിച്ചറിയാനും അത് ജീവിത്തിന്റെ അടിത്തറയാക്കാനുമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ആരാധനാ വർഷത്തിലെ മൂന്നാം സാധരണ ഞായർ ദൈവവചന ഞായർ ആയി ആഘോഷിക്കണമെന്ന് "അപെരൂയിത് ഇല്ലിസ് " "Aperuit Illis-AI" എന്ന അപ്പസ്തോലിക ലേഖനത്തിൽ 2019 സെറ്റംബർ 30-ാം തീയതി പ്രഖ്യാപിക്കുകയുായി.

ദൈവവചനത്തിൽ രൂപമെടുക്കുകയും (റോമ 10 : 17) വചനത്താൽ പോഷിതയാകുകയും ചെയ്യുന്ന (Dei Verbum, 21) സഭയുടെ ജീവിതത്തിൽ വചനമാകുന്ന യേശുക്രിസ്തു സന്നിഹിതനായികിക്കുന്നത് യേശുവിന്റെ പ്രഷ്ഠശിഷ്യനായ യോഹന്നാനു ലഭിക്കുന്ന മനോഹരമായ ദർശനത്തിൽ സ്വർണ നിർമിതമായ ഏഴു ദീപപീഠങ്ങൾ ഞാൻ കണ്ടു. ദീപപീഠങ്ങൾക്കു മധ്യ മനുഷ്യപുത്രനെപോലുള്ള ഒരുവൻ, സഭയാകുന്ന ദീപപീഠങ്ങൾകു മധ്യേ നില്കുന്ന ഈ മനുഷ്യപുത്രൻ ആരെന്ന് വെളിപാടിലെ സമാപന ദൃശ്യത്തിൽ വ്യക്തമാക്കുന്നു. അവൻ വിളിക്കപ്പെടുന്ന നാമം ദൈവചനം എന്നാണ് (വെളി19 : 13). ദൈവചനമാകുന്ന യേശു ക്രിസ്തുവിനെ അറിയാനും അടുത്തനുകരിക്കാനും വിശുദ്ധ ഗ്രന്ഥത്തിലേക്കാണ് നാം തിരിയേണ്ടത്. ക്രിസ്തീയ ജീവിതത്തിൽ വിശുദ്ധ ഗ്രന്ഥത്തിന്റെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട് ദൈവവചനത്തിന്റെ പ്രധാന ലക്ഷ്യങ്ങളായി ദൈവവചനത്തിന്റെ പ്രഘോഷണവും പഠനവും വ്യാപനവും ഫ്രാൻസിസ് പാപ്പ എടുത്തു പറയുന്നു (AI, 3).



### ദൈവവചനവും ദൈവവചന വായനയും

വിശുദ്ധ ഗ്രന്ഥത്തിനു കാതുകൊടുക്കുന്നവരാണ് ദൈവജനം. ബാബിലോണിയായിലെ വിപ്രവാസത്തിൽ നിന്ന് സ്വദേശത്തു തിരിച്ചെത്തിയ ഇസ്രായേൽ ജനം ഒറ്റക്കെട്ടായി ജറുസലേമിൽ ജലകവടാത്തിനു മുന്നിലെ മൈതാനത്തു നില്ക്കുന്നതും അതിരാവിലേ മുതൽ മധ്യാഹ്നം വരെ എസ്രാ നിയമ ഗ്രന്ഥം വായിക്കുന്നതു ശ്രദ്ധാപൂർവം ശ്രവിക്കുന്നതും നെഹമിയായുടെ പുസ്തകം വിവരിക്കുന്നു(നെഹ 8 : 3). വചനം ശ്രവിച്ച അവർ തങ്ങളുടെ ജീവിതത്തിന്റെ പൊരുൾ അതിൽ കാണുന്നു. ദൈവവചനം വിശ്വാസികളേ വരെയും ഒന്നിപ്പിക്കുകയും അവരെ ഒരു ജനമാക്കിത്തീർക്കുകയം ചെയ്യുന്നു (AI, 4). ദൈവവചനമാണ് പുതിയ ദൈവജനമായ വിശ്വാസീ സമൂഹത്തെ ഒന്നിപ്പിക്കുന്നത്. വിശുദ്ധ ഗ്രന്ഥത്തിലൂടെ നമ്മുടെയിടയിൽ സന്നിഹിതനായിരിക്കുന്ന യേശുവിന് ആരാധനാ ക്രമത്തിന്റെ ആഘോഷത്തിലൂടെയും വ്യക്തിപരമായ പ്രാർത്ഥനയിലുടെയും കാതുകൊടുക്കുകയെന്നത് വിശ്വാസികളായ നാമേവരുടെയും കടമയാണ്. കൗദാശികമായും ഏറ്റവും ആഘോഷകരമായും ബൈബിൾ വായിക്കപ്പെടുന്നത് വിശുദ്ധ കുർബാന മധ്യേയാണല്ലോ. കർത്താവായ യേശു തന്റെ മണവാട്ടിയായ സഭയോടു നിരന്തരം സംസാരിക്കുന്ന സജീവ വചനമാണ് ബൈബിൾ(AI, 2), എന്ന ബോധ്യത്തോടെയായിരിക്കണം കുർബാനയിലെ ദൈവചന വായന. ക്രൈസ്ത ജീവിതത്തിൽ ദൈവവചനം ശ്രവിക്കുന്നതിന്റെ പ്രാധാന്യം കണക്കിലെടുത്താണ് കേരളസഭ ഏതാനും വർഷങ്ങളായി ഡിസംബർ മാസം വചന പാരായണ മാസമായി ആചരിക്കുന്നത്. മാംസം ധരിച്ച വചനമായ യേശുവിന്റെ തിരുപ്പിറവിയുടെ ആഘോഷത്തിനായുള്ള നല്ലൊരു ഒരുക്കം കൂടിയാണ് വചന പാരയണം.

### ദൈവജനവും വചനപഠനവും

വചനത്തിനു സമർപ്പിക്കപ്പെടുന്ന ദിവസം വർഷത്തിൽ ഒരിക്കൽ മാത്രമുള്ളതല്ല, അത് വർഷം മുഴുവൻ നീണ്ടു നില്ക്കേണ്ടതാണ് എന്ന് ബൈബിൾ ഞായർ പ്രഖ്യാപിച്ച വേളയിൽ പരിശുദ്ധ പിതാവ് ഓർമിപ്പിക്കുന്നു (AI, 8). വചനം വായിക്കുകയും ശ്രവിക്കുകയും ചെയ്യുന്ന ശീലം കേരളസഭയിൽ വ്യാപകമായിരിക്കുന്നു എന്നത് ചാരിതാർത്ഥ്യ ജനകമാണ്. ഈ വചനാഭിമുഖ്യം സഭയുടെ വലിയ ശക്തി തന്നെയാണ്. ബൈബിൾ വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതോടൊപ്പം ബൈബിൾ എന്താണന്ന് ആഴത്തിൽ

മനസ്സിലാക്കേണ്ടത് ആവശ്യമാണ്. മനുഷ്യ ചരിത്രത്തിൽ ഇടപ്പെടുന്ന ദൈവം തിന്മയുടെയും മരണത്തിന്റെയും അധീനതയിൽ നിന്ന് മനുഷ്യ കുലത്തെ രക്ഷിക്കുന്നതിന്റെ വിവരണമാണല്ലോ ബൈബിൾ. വിശുദ്ധ ലിഖിതം ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ രക്ഷ പ്രാപിക്കുന്നതിനെക്കുറിച്ച് പഠിപ്പിക്കുന്നുവെന്ന് പൗലോസ്ശ്ലീഹാ പറയുന്നു(തിമോ 3 : 15) വിശുദ്ധ ഗ്രന്ഥത്തിൽ ഉള്ളതെല്ലാം രക്ഷയിലേക്കു നയിക്കുന്നതാണ്. രക്ഷയുടെ സന്ദേശം (Dei Verbum, 11) ഉൾക്കൊള്ളുന്ന ദൈവചനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നതുവഴിയാണ് മണവാളനായ യേശുവിനോടുള്ള സ്നേഹത്തിലും വിശ്വസ്തതയിലും സഭ വളരുന്നത്. ബൈബിൾ പഠിക്കുന്നതിനെ വത്തിക്കാൻ കൗൺസിൽ പിതാക്കന്മാർ ദൈവാവിഷ്കാരം എന്ന പ്രമാണരേഖയിലൂടെ ഏറെ പ്രോത്സാഹിപ്പിക്കുന്നു. ദൈവം തന്റെ സഭയ്ക്കു നല്കിയ വചനം ആഴത്തിൽ ഗ്രഹിക്കാനുള്ള പരിശ്രമം ക്രൈസ്ത ജീവിതത്തിന്റെ ഉയർന്ന മാനദണ്ഡം പ്രകടമാക്കുന്നുവെന്ന് കർത്താവിന്റെ വചനം എന്ന അപ്പസ്തോലികാഹ്വാനം (Dei Verbum, 22) പ്രസ്താവിക്കുന്നു. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർക്ക് യേശു വചനം വ്യാഖ്യനിച്ചുകൊടുത്തപ്പോൾ അവരുടെ ഹൃദയം ജ്വലിച്ചുവെന്ന (ലൂക്കാ 24 : 32) വചനം ബൈബിൾ പഠിതാക്കൾക്ക് പ്രോത്സാഹനമാകണം. ദൈവചന പഠനം ക്രിസ്തീയ ജീവിതത്തിന് ഉണർവേകുകയും വിശ്വാസത്തെ ഉറപ്പിക്കുകയും ചെയ്യും.

## ദൈവവചനത്തിന്റെ വ്യാപനം

നമ്മെ രക്ഷയിലേക്കു നയിക്കുന്ന ദൈവവചനം വലിയ ഒരു ഉത്തരവാദിത്വം കൂടി നമ്മെ ഭരമേല്പ്പിക്കുന്നു. യേശുവിലുള്ള രക്ഷയുടെ സന്ദേശം ലോകം മുഴുവൻ വ്യാപിപ്പിക്കാനുള്ള ദൗത്യം യേശു നമുക്കു നല്കിയിരിക്കുന്നു. നിങ്ങൾ ലോകമെങ്ങും പോയി സർവ്വ സൃഷ്ടികളോടും എന്റെ സുവിശേഷം പ്രഘോഷിക്കുവിൻ. പരിശുദ്ധാത്മാവിനാൽ ശാക്തീകരിക്കപ്പെട്ട ശിഷ്യന്മാർ യേശുവിന്റെ സുവിശേഷം സധൈര്യം പ്രഘോഷിച്ചു. ദൈവവചനം അവർക്ക് വായിൽ തേൻപോലെ മധുരിക്കുന്നതും ഉദരത്തിൽ കയ്പായി മാറുന്നതുമായിരുന്നു (വെളി 10 : 10) . ദൈവവചനത്തിലൂടെ നാമോരോരുത്തരും അനുഭവിക്കുന്ന രക്ഷ തേൻപോലെ മധുരിക്കുന്നതാണ്. ദൈവവചനത്തിന്റെ മാധുര്യം നാം കുമുട്ടുന്നവരുമായി അതു പങ്കുവയ്ക്കാനും അതിലടങ്ങിയിരിക്കുന്ന പ്രത്യാശ പ്രഘോഷിക്കാനും നമ്മെ പ്രചോദിപ്പിക്കുന്ന വചനത്തിന്റെ പ്രകാശം ലോകമെമ്പാടും എത്തിക്കുകയെന്ന ക്രിസ്തു ശിഷ്യന്മാർ തുടങ്ങിവച്ച ദൗത്യം ജ്ഞാന



സ്നാനം സ്വീകരിച്ച എല്ലാവർക്കുമുള്ളതാണെന്ന് ഒക്ടോബർ 2019 ലെ അസാധാരണ പ്രേഷിത മാസത്തെക്കുറിച്ചുള്ള മാർഗനിർദ്ദേശക രേഖയിൽ ഫ്രാൻസീസ് പാപ്പ് ഓർമ്മിപ്പിക്കുന്നു. ദൈവവചനത്തിനു സാക്ഷ്യം നല്കാൻ അയയ്ക്കപ്പെട്ടവരാണ് ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരും. ദൈവവചനത്തിനു സാക്ഷ്യം നല്കുകയെന്നാൽ പിതാവായ ദൈത്തിന്റെ കരുണാർദ്രമായ സ്നേഹം ജീവിതത്തിൽ പ്രാവർത്തികമാക്കുകയെന്നാണ് അർഥമാക്കുന്നത്. കരുണാർദ്ര സ്നേഹത്തിന്റെ സമ്പൂർണ പ്രകടമായിരുന്നു ഒന്നും തനിക്കായി മാറ്റിവയ്ക്കാതെ എല്ലാവർക്കുമായി സർവതും ദാനം ചെയ്ത യേശുവിന്റെ ജീവിതം. ദൈവചനം നമ്മെ കരുണയിലേക്കു നയിക്കണമെന്ന് വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിലെ ലാസറിന്റെ ഉപമ നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈ ഉപമയിൽ ഏറെ ശക്തമാണ് അബ്രാഹത്തിന്റെ വാക്കുകൾ അവർക്ക് മോശയും പ്രവാചകരും ഇല്ലെ, അവരെ കേൾക്കട്ടെ (ലൂക്ക 16 : 29). മോശയും പ്രവാചകരും എന്നതുകൊണ്ട് ഉദ്ദേശിച്ചത് വിശുദ്ധലിഖിതം തന്നെയാണ്. വചനം ശ്രവിക്കുന്നവർ നമ്മുടെ ചുറ്റുമുള്ള ലാസറുമാരെ അവഗണിക്കരുതെന്നു ചുരുക്കം.

ദൈവചനം ശ്രവിക്കുകയും കരുണ ജീവിതത്തിൽ പ്രാവർത്തികമാക്കുകയുമാണ് നമ്മുടെ മുന്നിലുള്ള വലിയ വെല്ലുവിളി. ദൈവവചനത്തിനു ജീവിതത്തിൽ സാക്ഷ്യം നല്കാനും ദൈവവചന വ്യാപനത്തിനായി ജീവൻ സമർപ്പിക്കാനും മുന്നിട്ടിറങ്ങുന്നവരെ കാത്തിരിക്കുന്നത് എന്താണെന്നതിന്റെ പ്രതീകമാണ് എസെക്കിയേൽ പ്രവാചകൻ മുകളിൽ സൂചിപ്പിച്ച ഉദരത്തിൽ അനുഭവപ്പെടുന്ന കയ്പ്. ദൈവവചനം ജീവിതത്തിന്റെ സ്ഥിരതയോടെ പിഞ്ചെല്ലുക എത്ര ദുഷ്കരമാണെന്ന തിരിച്ചറിവാണിത്. നമ്മുടെ കണ്ണുകൾ തുറക്കാനും മുരടിപ്പിക്കുന്നതും തരിശുമായ വ്യക്തിവാദത്തിൽ നിന്ന് പങ്കുവയ്ക്കലിന്റെയും ഐക്യ മത്തത്തിന്റെയും പുതിയ പാതയിലേക്കു നമ്മെ നയിക്കാനും ശക്തമാണ് ദൈവവചനം (AI ,13). ദൈവവചന ഞായർ ആഘോഷങ്ങൾ ദൈവാനുഭത്തിൽ നിന്ന് പങ്കുവയ്ക്കലും സ്വയംദാനവുമാകുന്ന കാരുണ്യ പ്രവർത്തികളിലേക്കു നമ്മെ നയിക്കണമെന്നാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ഇവിടെ ഉദ്ബോധിപ്പിക്കുന്നത്.

## ദൈവവചനവും കേരളസഭയും

പ്രാൻസീസ് പാപ്പ ആഗോളസഭയ്ക്കായി ബൈബിൾ ഞായർ പ്രഖ്യാപിച്ചിരിക്കുന്ന ഈ അവസരത്തിൽ വർഷങ്ങളായി നാം ബൈബിൾ ഞായറും ബൈബിൾ മാസവും ആഘോഷിച്ചു വരികയാണന്ന് കേരളസഭയ്ക്ക് അഭിമാന

പൂർവ്വം പറയാൻ കഴിയും. കെ.സി. ബി. സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റും ചേർന്ന് വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. വചന ചൈതന്യം സജീവമായി നിറഞ്ഞുനില്ക്കുന്ന കേരളസഭ ആഗോള സഭയ്ക്ക് മാതൃകയും പ്രചോദനവുമാണ്.

വചന മേഖലയിൽ കേരളസഭ അനുഭവിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹപ്പെരുമഴ വലിയ ഉത്തരവാദിത്വവും നമ്മെ ഭരമേല്പിക്കുന്നു. ബൈബിൾ സാധരണ ലത്തീൻ ഭാഷയിൽ വിവർത്തനം ചെയ്ത് ദൈവവചനം എല്ലാവരിലും എത്തിക്കാൻ പരിശ്രമിച്ച വി. ജറോമിന്റെ 1600-ാം മരണവാർഷികത്തോടനുബന്ധിച്ച് ഡിസംബർ 1 മുതൽ 2020 സെപ്റ്റംബർ 30 വരെ കൂടുതൽ ബൈബിൾ അധിഷ്ഠിത പരിപാടികൾ നടത്താൻ അന്തർദേശീയ ബിബ്ലിക്കൽ ഫെഡറേഷൻ പ്രസിഡന്റ് കർദ്ദിനാൾ ലൂയിസ് അന്തോണിയോ താഗ്ലേ ആഹ്വാനം ചെയ്യുന്നു. വചന മേഖലയിൽ നാം ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ കൂടുതൽ ഉത്സാഹത്തോടെ തുടരാൻ ഈ ആരാധനാവർഷം, നമുക്ക് ഉത്സാഹിക്കാം. ബൈബിളിനുള്ള പ്രധാന്യം എടുത്തുകാണിക്കാൻ ബൈബിൾ ഞായറോടനുബന്ധിച്ച് വിശുദ്ധകുർബാനയിൽ ബൈബിൾ ആഘോഷപൂർവ്വം പ്രതിഷ്ഠിക്കുന്നത് ഉചിതമാണെന്ന് ഫ്രാൻസിസ് പാപ്പ വചന ഞായറിനെക്കുറിച്ചുള്ള അപ്പസ്തോലിക ലേഖനത്തിൽ പറയുന്നു. വചനപാരായണ മാസമായി ആചരിക്കുന്ന ഡിസംബർ മാസത്തിൽ ഇടവകകൾതോറും പ്രാർത്ഥന നിർഭരമായ അന്തരീക്ഷത്തിൽ ഒരു ദിവസമെങ്കിലും നീളുന്ന വചന പാരായണം സംഘടിപ്പിക്കേണ്ടതാണ്. ദിവ്യവായന എന്നറിയപ്പെടുന്ന പ്രാർത്ഥനാരീതി വിശ്വാസികളായ എല്ലാവരും പരിശിലിക്കുന്നത് നല്ലതാണ്. ശ്രദ്ധയോടും ഭക്തിയോടുകൂടി വിശുദ്ധ ഗ്രന്ഥം വായിക്കുന്നതാണ് ഇതിലെ ആദ്യ ഘട്ടം. തുടർന്ന് വിചിന്തനത്തിലൂടെ ദൈവം നമ്മോടു സംസാരിക്കുന്നത് മനസ്സിലാക്കുന്നു. ദൈവവുമായുള്ള സംഭാഷണത്തിൽ ഏർപ്പെടുന്നപ്രാർത്ഥനയാണ് അടുത്തത്. അവസാനം നമ്മുടെ ഹൃദയങ്ങളെ ക്രിസ്തുവിന്റെ സാന്നിദ്ധ്യാനുഭവത്തിലേക്ക് ഉയർത്തുന്ന പൂർണ്ണധ്യാനത്തിൽ നാം എത്തിച്ചേരുന്നു. ഇടവകകളിൽ ദൈവവചനം വായിച്ചു പ്രാർത്ഥിക്കുന്ന കൂട്ടായ്മകൾക്കു രൂപം കൊടുക്കുന്നതുവഴി ഇടവക സമൂഹത്തിന്റെ വിശ്വാസ ജീവിതം ശക്തിപ്പെടുത്താൻ കഴിയും. ഈ വർഷവും കേരളം പ്രകൃതി ദുരന്തത്തിന് ഇരയായി. കഴിഞ്ഞ വർഷത്തേതുപോലെ ഇത്തവണയും ബൈബിൾ നഷ്ടമായവർക്ക് അവ എത്തിച്ചു നല്കാൻ



ബൈബിൾ കമ്മീഷനോടൊപ്പം രൂപതാ ബൈബിൾ അപ്പോസ്തലേറ്റും സംഘടനകളും വ്യക്തികളും മുന്നിട്ടിറങ്ങിയെന്നത് സന്തോഷകരമാണ്. ബൈബിൾ ഇല്ലാത്ത കുടുംബങ്ങളിൽ ഇടവക തന്നെ മുൻകൈയെടുത്ത് ബൈബിൾ കൊടുക്കുന്നത് ഇടവക സമൂഹത്തിന്റെ കടമയായി മാറണം. ബൈബിൾ ആഴത്തിൽ ഗ്രഹിക്കാൻ പരിശുദ്ധ പിതാവു നല്കുന്ന ആഹ്വാനമനുസരിച്ച് ബൈബിൾ പഠനവേദികൾ ഒരുക്കുന്നതിന് കുടുതൽ ഇടവകകൾ മുന്നോട്ടു വരുന്നതിനെ അഭിനന്ദിക്കുന്നു.

കേരളസഭയുടെ അഭിമാനമായ ലോഗോസ് ക്വിസ് ഒരു മത്സരമെന്നതിലുപരി വചന പഠന വേദിയാണെന്ന് തിരിച്ചറിഞ്ഞ് കൂടുതൽപേരെ വചനത്തിലേക്കടുപ്പിക്കാൻ ഏവരും ഉത്സഹിക്കേണ്ടതാണ്. കഴിഞ്ഞ വർഷം ശ്രവണ വൈകല്യമുള്ളവർക്കായി ലോഗോസ് സംഘടിപ്പിച്ചതുവഴി അവരുടെയിൽ വചന സ്നേഹവും വചന പഠനസൗകര്യവും വളർത്താനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും നമുക്കു കഴിഞ്ഞു ശരീരിക പരാധീനതകളുള്ളവർപോലും വചനത്തോടു കാണിക്കുന്ന ഈ ആവേശം അവരുമായി താരതമ്യം ചെയ്യുമ്പോൾ ഏറെ കഴിവുള്ള നാം എത്രമാത്രം വചനത്തിനായി സമയം തണ്ടെത്തണമെന്ന് ഓർമ്മപ്പെടുത്തൽകൂടിയാണ്.

കേരള കത്തോലിക്കാ സഭ ബൈബിൾ ഞായറായി ആചരിക്കുന്ന ഡിസംബർ 20-ാം തീയതി നിങ്ങൾ നല്കുന്ന സംഭാവന രൂപതകളുടെയും കെ. സി. ബി. സിയുടെയും ബൈബിൾ പ്രേഷിത പ്രവർത്തനങ്ങൾക്കുപകരിക്കും. രൂപതാ ബൈബിൾ അപ്പോസ്തലേറ്റിനും കെ.സി.ബി.സി. ബൈബിൾ കമ്മീഷനും വേണ്ടിയുള്ള ഈ സംഭാവന രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വചനം മാംസം ധരിച്ച യേശുവിനെ ഹൃദയ വാതിലുകൾ തുറന്ന് സ്വീകരിക്കാനും അവിടുത്തെ സുവിശേഷം ഏവരിലും എത്തികാനും ഉത്സാഹിക്കണമെന്ന് ആഹ്വാനം ചെയ്തു കൊണ്ട് തിരുപ്പിറവിയുടെ അനുഗ്രഹങ്ങൾ ഏവർക്കും സ്നേഹപൂർവ്വം നേർന്നുകൊണ്ടും,

**ബിഷപ് ഡോ. എബ്രഹാം മാർ യൂലിയോസ്**

**ബിഷപ്പ് മാർ ജേക്കബ് മനത്തോടത്ത്**

**ബിഷപ്പ് ഡോ. പീറ്റർഅബിർ അന്തോണിസ്വാമി**

**പി. ഒ. സി., കൊച്ചി,**

**01. 11. 2019.**

# രൂപതാകാര്യാലയം

*അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം!*

*ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം (ലൂക്ക 2:14).*

എല്ലാവർക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും ആയിരമായിരം മംഗളങ്ങൾ! ഒപ്പം പുതുവർഷം കൂടുതൽ ദൈവാനുഗ്രഹത്തിന്റെയും സന്തോഷത്തിന്റെയും ദിനങ്ങളായിരിക്കട്ടെ എന്ന് ആശംസിക്കുന്നു.

**1. Pope's Monthly Intention for December - 2019**

***" ഓരോ രാജ്യവും തങ്ങളുടെ യുവജനങ്ങളെ ഏറെ കരുതലോടെ നോക്കി കാണുകയും അവരുടെ ഭാവി സുരക്ഷിതമാക്കുന്നതിനുള്ള എല്ലാ വിധ സഹായ സഹകരണങ്ങൾ നല്കുന്നതിനും, ഏറെ പ്രത്യേകമായി ദുരിതമനുഭവിക്കുന്ന വ്യക്തികൾക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നല്കി കൊണ്ട് നല്ല ഒരു യുവജനതയെ രാജ്യത്തിനുവേണ്ടി ഉയർത്തി കൊണ്ട് വരുന്നതിനായ് നമുക്ക് പ്രാർത്ഥിക്കാം".***

**2. ഓർമിക്കേണ്ട ദിവസങ്ങൾ**

**ഇരുപത്തഞ്ച് നോമ്പാരംഭം**

**1 മംഗലവാർത്ത ഒന്നാം ഞായർ**

3 മംഗലവാർത്ത ഒന്നാം ചൊവ്വ, വി. ഫ്രാൻസിസ് സേവ്യർ

6 മംഗലവാർത്ത ഒന്നാം വെള്ളി – ആദ്യ വെള്ളി

**വി. അംബ്രോസ് മെ.**

7 മംഗലവാർത്ത ഒന്നാം ശനി – ആദ്യ ശനി

8 മംഗലവാർത്ത രണ്ടാം ഞായർ

പ. ക. മറിയത്തിന്റെ അമലോത്ഭവ തിരുനാൾ



**9 മംഗലവാർത്ത രണ്ടാം ഞായർ**

**14** മംഗലവാർത്ത രണ്ടാം ശനി

കുരിശിന്റെ വി. യോഹന്നാൻ

**15 മംഗലവാർത്ത മൂന്നാം ഞായർ**

**18 മംഗലവാർത്ത മൂന്നാം ബുധൻ –** 18 മൈലാപ്പൂരിലെ അദ്ഭുത സ്ലീവാ

**22 മംഗലവാർത്ത നാലാം ഞായർ**

25 നമ്മുടെ കർത്താവീശോമിശിഹായുടെ പിറവിത്തിരുനാൾ

26 വി. എസ്തപ്പാനോസ് വേദസാക്ഷി

27 വി. യോഹന്നാൻ

28 കുഞ്ഞിപ്പൈതങ്ങൾ (ശിശുദിനം)

29 പിറവി ഒന്നാം ഞായർ – തിരുക്കുടുംബം

31 വർഷാവസാനം

**3. വൈദിക സമ്മേളനം:**

ക്രിസ്തുമസിന് ഒരുക്കമായുള്ള വൈദികരുടെ മാസധ്യാനം നവംബർ 26- ന് വൈകുന്നേരം 5.00 മണിക്ക് ആരംഭിച്ചു. ബഹു. വിൻസെന്റ് ഉദിരക്കുളം ഒ. സി. ഡി. അച്ചനാണ് ധ്യാനം നയിച്ചത്. 27 ാം തീയതി ഉച്ചയ്ക്ക് വൈദിക സമ്മേളനത്തോട് കൂടി സമാപിച്ചു.

**4. നന്ദിയും സ്വാഗതവും:**

ബഹു. മാത്യു (ഷിജു) പുത്തൻപുരക്കൽ എസ്. ജെ. ബി. അജെക്കാർ വി.അൽഫോൻസ ഇടവക ദേവാലയത്തിൽ കഴിഞ്ഞ രണ്ടര വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം മാതൃ സഭയിലെക്ക് തിരിച്ചുപോകുന്നു. മനോഹരമായ ഇടവക ദേവാലയം, സിമിത്തേരി എന്നിവ അച്ചൻ നിർമ്മിക്കുകയുണ്ടായി. മാത്യു അച്ചന് രൂപതാകുടുംബത്തിന്റെ നന്ദി അറിയിക്കുകയും പുതിയ മേഖലയിലെക്ക് എല്ലാ വിധ ആശംസകളും നേരുന്നു. പുതിയ വികാരിയായി കടന്നു വന്ന ബഹു. ജോസഫ് (സജി) വെളിയത്ത് അച്ചന് എല്ലാ പ്രാർത്ഥനാശംസകളും നേരുന്നു.

**5. സന്യാസിനീ സമ്മേളനം (Sisters' Gathering II) :**

സിസ്റ്റേഴ്സിന്റെ രണ്ടാം സമ്മേളനം ഡിസംബർ 13-ാം തീയ്യതി വൈകുന്നേരം 5.00 മണി മുതൽ 14-ാം തീയ്യതി ഉച്ചവരെ ജ്ഞാനനിലയത്തിൽ ചേരുന്നതാണ്.

**6) ആരാധനാക്രമ പഞ്ചാംഗം :**

2020 വർഷത്തെ ആരാധനാക്രമ പഞ്ചാംഗം, ബൈബിൾ വായന കലണ്ടർ എന്നിവ രൂപത പ്രൊക്കുറേറ്ററുടെ ഓഫീസിൽ ലഭ്യമാണ്.

## *7) Let us pray for Rev, Priests' :*

### *Birth day*

| | |
|---|---|
| Joseph Puthettupadavil | 01 |
| Mathew Alappatt | 06 |

### *Feast day*

| | |
|---|---|
| Xavier Vadakeyil | 03 |
| Xavier (Raju) Allumpurath MST | 03 |
| Mani Veluthedathuparambil | 25 |
| John Maliekal | 27 |

### *Ordination Day*

| | |
|---|---|
| Mathew Alappatt | 27 |
| Jose Ayamkudy | 27 |
| John Maliekal | 27 |
| Varkey Malikayil | 27 |
| Sebastian Poovathingal | 27 |
| Paulose Kochuputhanpurackal | 27 |
| Joseph Theruvamkunnel | 27 |
| Peter Padaramchira | 27 |
| Mathew Ambatt | 28 |
| Abraham Patteril | 28 |
| Joseph Kurialassery | 28 |
| Joseph Pampackal | 28 |
| Thomas Puthiyara | 28 |
| Augustine Pottamkulangara | 28 |
| Mathew Thazhekattil | 28 |
| Joseph Puthussery | 28 |
| Joseph Cheeran | 28 |
| Joseph Kelamparambil | 28 |
| Mathew Kottarathil | 28 |
| Rocky Menacherry | 29 |
| Davasia Vadakkeveettil | 29 |
| Thomas Pullattu | 29 |
| Joseph Puthiyedath | 29 |
| Joseph Valookaran | 29 |
| Francis Odampally | 29 |
| Joseph Mukkatt | 29 |
| Alex Ottplackal CMI | 30 |
| Thomas Panachickal | 30 |
| Sebastian Punnathanath | 30 |
| Xavier Vadakeyil | 30 |
| George Pazheparambil | 30 |
| Jacob Parambukattil | 31 |
| Joseph Poothakkuzhiyil | 31 |

**7. രൂപത Directory 2019 - 2020 :**

രൂപതയുടെ 2019-20 വർഷത്തെ പുതിയ Directory തയ്യാറായിരിക്കുന്നു. പ്രസ്തുത Directory രൂപത പ്രൊക്കുറേറ്ററുടെ ഓഫീസിൽ ലഭ്യമാണ്. മുഖവില 200 രൂപയാണ്.

**8. പ്രാർത്ഥനാശംസകൾ:**

ഈ വർഷം നമ്മുടെ രൂപതയ്ക്കുവേണ്ടി 2 മ്ശംശാനമാർ തിരുപ്പട്ടം സ്വീകരിക്കുന്നു. ആലുവ, കോട്ടയം സെമിനാരികളിലായി വൈദികപരിശീലനം പൂർത്തിയാക്കി തിരുപ്പട്ട സ്വീകരണത്തിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഈ വൈദികാർത്ഥികൾക്കുവേണ്ടി പ്രാർത്ഥിക്കാം, ഒപ്പം ഇവർക്ക് രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ നേരുന്നു.

**9. 2020 ലെ ഇടവകതിരുനാളിനുള്ള പ്രമേയം:**

"എല്ലാവരുടെയും ദൃഷ്ടിയിൽ ശ്രേഷ്ഠമായതു പ്രവർത്തിക്കാൻ ശ്രദ്ധിക്കുവിൻ" (റോമ 12 :17).

## 10. Appointments:

Rev. Fr. Joseph (Saji) Veliyath SJB
Vicar, St. Alphonsa Church, Ajekar
Telephone : 6366715804

## 11. Sunday Collection : December 29 - Family Day

**Fr. Lawrence Poonolil**
Chancellor



# Prayers to Rev. Deacons'

| | | |
|---|---|---|
| Name | : | Christin |
| House Name | : | Pudiyakunnel |
